**പതിനാലാം കേരള നിയമസഭ**

ദമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 126 | 31.01.2018 - ൽ മറുപടിക്ക് |

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.വിജയൻ പിള്ള<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.വി.അബ്ദുറഹിമാൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് കുടുംബശ്രീയെ ദുർബലപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങളിൽ നിന്നും വിഭിന്നമായി,ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ,മൈക്രോ സംരംഭങ്ങൾ,കൃഷി,മറ്റു വിവിധ സേവനമേഖലകൾ എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങൾ വഴി സാമ്പത്തിക പര്യാപ്തതയോടൊപ്പം സാമൂഹ്യ ഉന്നമനത്തിനും കൂടി പര്യാപ്തമായ തലത്തിലേക്ക് കുടുംബശ്രീയെ വളർത്തിയെടുക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (എ) ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മൈക്രോ സംരംഭങ്ങൾ, കൃഷി, മറ്റു വിവിധ സേവന മേഖലകൾ എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങൾ വഴി സാമ്പത്തിക പര്യാപ്തതയോടൊപ്പം സാമൂഹ്യ ഉന്നമനത്തിനും കൂടി പര്യാപ്തമായ തലത്തിലേയ്ക്ക് കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം ചുവടെ കൊടുക്കുന്നു:-<br>(1) തീരദേശ മേഖലയിലെ കുടുംബശ്രീ പ്രവർത്തനങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിന് സാധിച്ചു<br>(2) അയൽക്കൂട്ട നവീകരണവും സ്വയംവിലയിരുത്തലും ലക്ഷ്യമിട്ട് 'ദിശ 2017' സംഘടിപ്പിച്ചു<br>(3) സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത ദ്വിദിന റെസിഡൻഷ്യൽ പരിശീലനമായ 'സമന്വയം 2017' രണ്ട് ഘട്ടങ്ങളിലായി സംഘടിപ്പിച്ചു<br>(4) കൂടുതൽ കുടുംബശ്രീ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ/ബിആർസി (200 എണ്ണം)കൾ എന്നിവ ആരംഭിക്കാൻ തീരുമാനിച്ചു<br>(5) മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനുമായി കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിച്ചു<br>(6) നാട്ടിൽ തന്നെ ഉല്പാദിപ്പിക്കുന്ന സുരക്ഷിതമായ കോഴി ഇറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേരള ചിക്കൻ എന്ന പേരിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് . |

(7) ഓരോ സീസണിലും കൃഷി ചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കുടുംബശ്രീ മിഷൻ ആരംഭിച്ച നൂതന പദ്ധതിയാണ് ജീവ (ജെ.എൽ.ജി ഇവാല്യുവേഷൻ ഏജൻറ്).

(8) 'ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേയ്ക്കും എത്തിയ്ക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാപദ്ധതി നടപ്പിലാക്കി വരുന്നു.

(9) കേരളത്തിൽ ഒരു തീവ്ര സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്ന തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി സംരംഭ യൂണിറ്റുകൾ രൂപീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു.

(10) ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്രസഹായത്തോടെ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

(11) കോമൺ ഫെസിലിറ്റി സെന്റർ - സി.എഫ്.സി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു
ഒരു തദ്ദേശ ഭരണ പ്രദേശത്ത് കുറഞ്ഞത് ഒരു ഗ്രൂപ്പ് സംരംഭവും ഒരു വ്യക്തിഗത സംരംഭവും ഉൾപ്പെടെ സംസ്ഥാനത്ത് 2,000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ 'ജീവനം' എന്ന പേരിൽ ഉപജീവന ക്യാമ്പയിൻ നടപ്പിലാക്കി. പൊതു അവബോധ പരിശീലനത്തിൽ നിന്നും തിരഞ്ഞെടുത്തവർക്ക് വൈദഗ്ധ്യ പരിശീലനം നൽകുന്നതിനായി വിവിധ മേഖല അടിസ്ഥാനത്തിൽ പരിശീലന ഏജൻസികളെ എംപാനൽ ചെയ്യുകയും 4800 അംഗങ്ങൾക്കുള്ള വൈദഗ്ധ്യ പരിശീലനം പൂർത്തിയാക്കുകയുംചെയ്തു.

(12) 8.22 കോടി രൂപ വിവിധ ധനസഹായ പദ്ധതികളിലൂടെ സൂക്ഷ്മ സംരംഭ യൂണിറ്റുകൾക്ക് നൽകി. ന്യൂട്രീമിക്സ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഗ്രേഡിംഗ് നടപ്പിലാക്കി.

(13) കുടുംബശ്രീ സംരംഭ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരിൽ തെരെഞ്ഞെടുത്ത 16 പേർക്ക് യുഎന്നിന്റെ കീഴിലുള്ള ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷന്റെ നേതൃത്വത്തിൽ വൈദഗ്ധ്യ വികസന പരിശീലനം നൽകി.

(14) അജൈവ മാലിന്യ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി ഹരിത കേരളം മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഹരിത കർമ്മ സേന പദ്ധതിക്കായി വോളണ്ടിയർമാരെ കുടുംബശ്രീ സമൂഹാധിഷ്ഠിത ശൃംഖല മുഖേന കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു

(15) പട്ടികജാതി വിഭാഗത്തിൽ പെടുന്ന 243 വനിതകൾക്ക് പരിശീലനം നൽകി വിവിധ ജില്ലകളിൽ കഫേ കുടുംബശ്രീ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

| | | | |
|---|---|---|---|
| (ബി) | കൂടുതൽ വനിതകളെ പ്രാദേശികമായി അനുയോജ്യവും ഉല്പാദനപരവുമായ സംരംഭങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (ബി) | കൂടുതൽ വനിതകളെ പ്രാദേശികമായി അനുയോജ്യവും ഉല്പാദനപരവുമായ സംരംഭങ്ങളിൽ ഏർപ്പെടുത്തുന്നതിന് കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2000 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു 21904 അംഗങ്ങൾക്ക് പൊതു അവബോധ പരിശീലനം നൽകുകയുണ്ടായി.<br>2. കുടുംബശ്രീയുടെ കാർഷിക പദ്ധതിയുടെ ഭാഗമായി നിലവിൽ 60,000 ജെഎൽജികൾ പ്രവർത്തിച്ചു വരുന്നു. 3 ലക്ഷം കുടുംബശ്രീ അംഗങ്ങൾ ജെഎൽജിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.<br>3. കുടുംബശ്രീ വഴി നിലവിൽ മൃഗസംരക്ഷണ മേഖലാ പ്രവർത്തനങ്ങളുടെ ഭാഗമായി ആട്ടുഗ്രാമം, ക്ഷീരസാഗരം, പോത്തുക്കുട്ടി വളർത്തൽ, അടുക്കളത്തോട്ട മുട്ടക്കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾക്കെല്ലാം തന്നെ ധനസഹായവും കുടുംബശ്രീ അംഗങ്ങൾക്ക് നൽകി വരുന്നുണ്ട്.<br>4. ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയുമാണ് Support for Animal Husbandry Initiatives (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>5.കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |
| (സി) | അഗതികൾ, വയോവൃദ്ധർ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ സംരക്ഷണത്തിനായി കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | അഗതികൾ, വയോ വൃദ്ധർ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ സംരക്ഷണത്തിനായി കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• അഗതികൾ, വയോ വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്ക് അഭയ കേന്ദ്രങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ നഗര ഉപജീവന മിഷനു കീഴിൽ 'ഷെൽട്ടർ ഫോർ അർബൻ ഹോം ലെസ്സ്' എന്ന പദ്ധതി നടന്നു വരുന്നു. |

- പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ് ജെന്റർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് കുടുംബശ്രീ തുടക്കം കുറിച്ചു. നാളിതുവരെ 19 ട്രാൻസ് ജെന്റർ (249 അംഗങ്ങൾ) പ്രത്യേക അയൽക്കൂട്ടങ്ങളും, 1,102 പി.ഡബ്ല്യു.ഡി. - Person with disabilities (13,192 അംഗങ്ങൾ) പ്രത്യേക അയൽക്കൂട്ടങ്ങളും, 2,628 വയോജന (34,424 അംഗങ്ങൾ) പ്രത്യേക അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.
- ആശ്രയ പദ്ധതിയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളെയും നിലവിലെ പദ്ധതികളിൽ ഉൾപ്പെട്ട തുടർന്നും സേവനം ആവശ്യമുള്ള ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അഗതികളുടെ ഏകീകൃത ലിസ്റ്റും പദ്ധതിയും തയ്യാറാക്കുന്നതിനായി 'അഗതി രഹിത കേരളം' പദ്ധതിക്ക് തുടക്കം കുറിച്ചു.

സെക്ഷൻ ഓഫീസർ